**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2080** **18.03.2015-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി. ജീവനക്കാർ അഭിമുഖീകരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതിത്തകരാറുകൾ പരിഹരിക്കാൻ വിവിധ സ്ഥലങ്ങളിലേക്ക് പോകുന്ന കെ.എസ്. ഇ. ബി. ജീവനക്കാർ കൂടുതലായും സ്വന്തം ഇരുചക്ര വാഹനങ്ങളിലും മറ്റും ആണ് യാത്ര ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇങ്ങനെ സ്വന്തം വാഹനങ്ങൾ ഡ്യൂട്ടിക്കായി ഉപയോഗിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും അധിക അലവൻസോ ആനുകൂല്യങ്ങളോ നല്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത് നൽകുവാൻ സന്നദ്ധമാകുമോ ; | (ബി) സ്വന്തം വാഹനമാണോ മറ്റു വാഹനങ്ങളാണോ ഉപയോഗിക്കുന്നത് എന്നത് പരിഗണിക്കാതെ വൈദ്യുതി തകരാറുകൾ പരിഹരിക്കാൻ വിവിധ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് കൺവെയൻസ് അലവൻസും, കേരള സർവ്വീസ് റൂൾസ് പ്രകാരം നിഷ്ക്കർഷിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി യാത്രാ ബത്തയും അനുവദിച്ചു വരുന്നുണ്ട്. |
| (സി) അസമയങ്ങളിൽ സ്വന്തം വാഹനങ്ങളിൽ വൈദ്യുതിത്തകരാറുകൾ പരിഹരിക്കാനായി വിദൂര സ്ഥലങ്ങളിലേക്ക് പോകുമ്പോൾ പലവിധ ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടി വരുന്നതിനാൽ പ്രസ്തുത ജീവനക്കാരുടെ വാഹനങ്ങളിൽ കെ. എസ്. ഇ. ബി എന്നെഴുതി വയ്ക്കുന്നതിനോ സ്റ്റിക്കർ പതിക്കുന്നതിനോ അനുമതി നൽകുമോ ; വിശദീകരിക്കാമോ ? | (സി) അസമയങ്ങളിൽ വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി പോകുന്നതിന് സെക്ഷനോഫീസുകളിൽ 24 മണിക്കൂറും ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**